"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ല- കരുളായി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കുഞ്ഞാമുട്ടി മെമ്മോറിയൽ ഹയർ സെക്കണ്ടറി സ്കൂളിന് നിബന്ധനയ്ക്ക് വിധേയമായി ചട്ടം 28 പ്രകാരമുള്ള വഴി വീതിയിൽ കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണചട്ടം 3(4) ബി പ്രകാരം ഇളവനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ആർ ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1554/2024/LSGD തീയതി,തിരുവനന്തപുരം, 21-08-2024

---

പരാമർശം:- ചീഫ് ടൌൺ പ്ലാനറുടെ 27.06.2024 തീയതിയിലെ LSGD/PD/20389/2024- TCPA1 നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലയിൽ കരുളായി ഗ്രാമപഞ്ചായത്തിൽ കരുളായി വില്ലേജിൽ റീസർവ്വേ നമ്പർ 224/1-2-ൽ ഉൾപ്പെട്ട 1.9830 ഹെക്ടർ സ്ഥലത്ത് നിലവിലുള്ള സ്കൂൾ കെട്ടിടത്തോട് ചേർന്ന് 346.13ചമീ ബിൽറ്റ് അപ്പ് വിസ്തീർണ്ണമുള്ള സ്കൂൾ കെട്ടിട നിർമ്മാണത്തിന് ചട്ടപ്രകാരം ആവശ്യമായ വഴി വീതി ലഭ്യമല്ലാത്തതിനാൽ കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണചട്ടം, 2019, ചട്ടം 3(4) (ബി) പ്രകാരം ഇളവനുവദിക്കുന്നതിനായി കരുളായി കുഞ്ഞാമുട്ടി മെമ്മോറിയൽ ഹയർ സെക്കണ്ടറി സ്കൂൾ മാനേജരുടെ അപേക്ഷയും അനുബന്ധരേഖകളും പരാമർശം പ്രകാരം ചീഫ് ടൗൺ പ്ളാനർ ലഭ്യമാക്കുകയുണ്ടായി.

2.പ്രസ്തുത സ്ഥലത്ത് നിലവിലുള്ളതും നിർമ്മിക്കാനുദ്ദേശിക്കുന്നതുമായ കെട്ടിടങ്ങളുടെ ആകെ തറ വിസ്തീർണ്ണം 5845.69 ചതുരശ്ര മീറ്റർ (Floor Area 5179.34Sqm) ആണെന്നും, 6000ചമീ വരെയുള്ള കെട്ടിടങ്ങൾക്ക് കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണചട്ടം 2019 ചട്ടം 28 പ്രകാരം 5 മീ. വഴി വീതി ആവശ്യമാണെന്നും പ്ലോട്ടിലേക്കുള്ള റോഡിന് സൈറ്റ് പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ളതുപോലെ 4.5മീ. വരെയാണ് വഴി വീതി ഉള്ളതെന്നും പ്രസ്തുത സ്കൂൾ എയിഡഡ് വിഭാഗത്തിലുൾപ്പെടുന്നതായി ജില്ലാ വിദ്യാഭ്യാസ ഓഫീസർ സാക്ഷ്യപ്പെടുത്തി സമർപ്പിച്ചിട്ടുണ്ട് എന്നും കവറേജ് ചട്ട പ്രകാരമാണ് എന്നും മറ്റ് പ്രധാനപ്പെട്ട കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണചട്ടം 2019 ചട്ടങ്ങൾ പാലിച്ചിട്ടുണ്ട് എന്ന് ചീഫ് ടൌൺ പ്ലാനർ അറിയിക്കുകയുണ്ടായി.

3.സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. മേൽ വസ്തുതകളും 100m. നീളത്തിലുള്ള stretch ലാണ് വഴി വീതി കുറവ് ഉള്ളതെന്നത് പരിഗണിച്ചും aided സ്കൂളാണെന്നത്

പരിഗണിച്ചും വഴി വീതിയിൽ 50സെ.മീ. കുറവ് മാത്രമേയുള്ളവെന്നത് പരിഗണിച്ചും പരാമർശം പ്രകാരമുള്ള അഭിപ്രായവും പരിഗണിച്ച്, ചുവടെപ്പറയുന്ന നിബന്ധനക്ക് വിധേയമായി കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണചട്ടം 2019 ലെ ചട്ടം 3(4) ബി പ്രകാരം നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് മലപ്പുറം ജില്ലയിലെ കരുളായി ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള കുഞ്ഞാമുട്ടി മെമ്മോറിയൽ ഹയർ സെക്കണ്ടറി സ്കൂളിന് ചട്ടം 28 പ്രകാരമുള്ള വഴി വീതിയിൽ നിന്നും ഇളവനുവദിച്ച് ഉത്തരവാകുന്നു.

<u>നിബന്ധനകൾ</u>

1.നിർമ്മാണം ഇളവ് ലഭിക്കുന്ന ചട്ടം 28 പ്രകാരമുള്ള വഴി വീതി ഒഴികെ മറ്റ് കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണചട്ടം 2019 ചട്ടങ്ങൾക്കനുസൃതമായിരിക്കണം.

2.കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണചട്ടം 2019 ചട്ടം 9(2) പ്രകാരം സ്ഥലത്തിൻറെ അതിരുകളും അളവുകളും പ്രമാണങ്ങളും ആധികാരികതയും ഉടമസ്ഥാവകാശവും പ്രസ്തുത ഭൂമി പുറംബോക്ക് ഭൂമിയിൽ ഉൾപ്പെട്ടതല്ലെന്നും സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

3.കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണചട്ടം 2019 ചട്ടം 5(4) പ്രകാരം ബന്ധപ്പെട്ട മറ്റ് വകുപ്പകളിൽ നിന്നും അനുമതി ആവശ്യമുള്ള പക്ഷം ആയത് ലഭ്യമാക്കേണ്ടതും ആയതിൽ നിഷ്കർഷിക്കുന്ന കാര്യങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ വരുത്തേണ്ടതുമാണ്.

4.നിർമ്മാണം കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണചട്ടം 2019 ചട്ടങ്ങൾക്കും ബാധകമായ ഭേദഗതികൾക്കും അനുസൃതമായിരിക്കണം.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
H MUHAMMED FAISAL
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, സ്വരാജ് ഭവൻ, തിരുവനന്തപുരം.

ചീഫ് ടൌൺ പ്ലാനർ, തിരുവനന്തപുരം.

ജില്ലാ ടൌൺ പ്ലാനർ, മലപ്പുറം.

സെക്രട്ടറി, കരുളായി ഗ്രാമ പഞ്ചായത്ത്.

മാനേജർ, കുഞ്ഞാമുട്ടി മെമ്മോറിയൽ ഹയർ സെക്കണ്ടറി സ്കൂൾ, കരുളായി

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഓദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിന്)

ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി. (RB3/300/2024-LSGD)

ഉത്തരവിൻ പ്രകാരം
Signed by
Rajesh N
Date: 21-08-2024 16:09:37
സെക്ഷൻ ഓഫീസർ